**മധുരമായ കുട്ടികളേ - നിങ്ങൾ സ്വയം സംഗമയുഗീ ബ്രാഹ്മണനാണെന്ന് മനസ്സിലാക്കുകയാണെങ്കിൽ സത്യയുഗീ വൃക്ഷം കാണപ്പെടും, അപാര സന്തോഷത്തിലിരിക്കാനും കഴിയും.**

**ചോദ്യം:-** ജ്ഞാനത്തിൽ താത്പര്യമുള്ള കുട്ടികളുടെ അടയാളങ്ങൾ എന്തെല്ലാമാണ്?
**ഉത്തരം:-** അവർ പരസ്പരം ജ്ഞാനത്തിന്റെ കാര്യങ്ങൾ മാത്രം സംസാരിക്കും. ഒരിക്കലും പരചിന്തനം ചെയ്യില്ല. ഏകാന്തതയിൽ ഇരുന്ന് വിചാരസാഗര മഥനം ചെയ്യും.

**ചോദ്യം:-** ഈ സൃഷ്ടി നാടകത്തിന്റെ ഏതൊരു രഹസ്യമാണ് നിങ്ങൾ കുട്ടികൾ മാത്രം അറിയുന്നത്?
**ഉത്തരം:-** ഈ സൃഷ്ടിയിൽ ഏതൊരു വസ്തുവും സദാ നിലനിൽക്കില്ല, ഒരേയൊരു ശിവബാബയല്ലാതെ. പഴയലോകത്തിലെ ആത്മാക്കളെ പുതിയ ലോകത്തേക്ക് കൊണ്ടുപോകുന്നതിനായി ആരെങ്കിലും ആവശ്യമല്ലേ. ഡ്രാമയുടെ ഈ രഹസ്യവും നിങ്ങൾ കുട്ടികൾ മാത്രമാണ് മനസ്സിലാക്കുന്നത്.

**ഓം ശാന്തി**. ആത്മീയ കുട്ടികളെ പ്രതി പുരുഷോത്തമ സംഗമയുഗത്തിൽ വരുന്ന ബാബ മനസ്സിലാക്കിത്തരികയാണ്. നമ്മൾ ബ്രാഹ്മണരാണെന്ന് കുട്ടികൾ മനസ്സിലാക്കുന്നു. സ്വയം തന്നെ ബ്രാഹ്മണരാണെന്ന് മനസ്സിലാക്കുന്നുണ്ടോ അതോ മറന്നുപോകുന്നുണ്ടോ? ബ്രാഹ്മണർ തന്റെ കുലത്തെ മറക്കാറില്ല. നിങ്ങൾക്ക് ഞാൻ ബ്രാഹ്മണനാണെന്ന് തീർച്ചയായും ഓർമ്മവേണം. ഈയൊരു കാര്യം ഓർമ്മിക്കുകയാണെങ്കിൽ തന്നെ തോണി മറുകര കടക്കും. സംഗമയുഗത്തിൽ നിങ്ങൾ പുതിയ പുതിയ കാര്യങ്ങൾ കേൾക്കുമ്പോൾ അതിന്റെ ചിന്തനവും നടക്കണം, ഇതിനെയാണ് വിചാരസാഗരമഥനം എന്നു പറയുന്നത്. നിങ്ങൾ രൂപ്-ബസന്താണ്. നിങ്ങൾ ആത്മാക്കളിൽ മുഴുവൻ ജ്ഞാനവും നിറഞ്ഞിരിക്കുതുകൊണ്ട് രത്നങ്ങൾ മാത്രം പുറത്തുവരണം. സ്വയം തന്നെ സംഗമയുഗീ ബ്രാഹ്മണനാണെന്ന് മനസ്സിലാക്കണം. ചിലർ ഇതുപോലും മനസ്സിലാക്കുന്നില്ല. അഥവാ സ്വയത്തെ സംഗമയുഗിയാണെന്നു മനസ്സിലാക്കുകയാണെങ്കിൽ സത്യയുഗീ വൃക്ഷം കാണപ്പെടാൻ സാധിക്കും അളവറ്റ സന്തോഷവുമുണ്ടാകും. ബാബ മനസ്സിലാക്കിത്തരുന്നതിനെ ഉള്ളിൽ ആവർത്തിക്കണം. നമ്മൾ സംഗമയുഗത്തിലാണ് എന്നുള്ളതും നിങ്ങൾക്കല്ലാതെ മറ്റാർക്കും തന്നെ അറിയില്ല. സംഗമയുഗത്തിലെ പഠിപ്പിന് സമയവും എടുക്കുന്നു. ഈയൊരു പഠിപ്പിലൂടെയാണ് നമ്മൾ നരകവാസിയിൽ നിന്നും സ്വർഗ്ഗവാസി അഥവാ നരനിൽ നിന്നും നാരായണനായി മാറുന്നത്. നമ്മൾ തന്നെയാണ് ദേവതാ അഥവാ സ്വർഗ്ഗവാസിയായിത്തീരുന്നത്. എന്നുള്ളത് ഓർമ്മിക്കുകയാണെങ്കിൽ തന്നെ സന്തോഷത്തോടെയിരിക്കുവാൻ സാധിക്കും. സംഗമയുഗവാസിയായെങ്കിൽ മാത്രമേ സ്വർഗ്ഗവാസിയായിത്തീരുവാൻ സാധിക്കൂ. ആദ്യം നരകവാസികളായിരുന്നപ്പോൾ തീർത്തും മോശമായ അഴുക്കുപിടിച്ച അവസ്ഥയിലായിരുന്നു, അഴുക്കുപിടിച്ച ജോലികൾ ചെയ്യുമായിരുന്നു. ഇപ്പോൾ അവ ഉപേക്ഷിക്കണം. മനുഷ്യനിൽ നിന്നും ദേവത അഥവാ സ്വർഗ്ഗവാസിയായിത്തീരണം. ആരുടെയെങ്കിലും പത്നി മരിക്കുകയാണെങ്കിൽ അവരോട് ചോദിക്കൂ, പത്നി എവിടെപ്പോയി? പറയും - സ്വർഗ്ഗവാസിയായിത്തീർന്നു. സ്വർഗ്ഗമെന്താണെന്നുള്ളതു പോലും ആരും മനസ്സിലാക്കുന്നില്ല. അഥവാ സ്വർഗ്ഗവാസിയായിത്തീർന്നു എങ്കിൽ സന്തോഷിക്കുകയല്ലേ വേണ്ടത്? ഇപ്പോൾ നിങ്ങൾ കുട്ടികളാണ് ഈ കാര്യങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നത്. ഉള്ളിൽ ചിന്തിക്കണം, നമ്മളിപ്പോൾ സംഗമയുഗത്തിലാണ്, പാവനമാവുകയാണ്. ബാബയിൽ നിന്നും സ്വർഗ്ഗത്തിന്റെ സമ്പത്ത് നേടുകയാണ്. ഈ കാര്യം ഇടയ്ക്കിടെ സ്മരിക്കണം, ഒരിക്കലും മറക്കരുത്. എന്നാൽ മായ നിങ്ങളെ മറപ്പിച്ച് തീർത്തും കലിയുഗിയാക്കി മാറ്റുന്നു. പെരുമാറ്റം പോലും കലിയുഗികളെപ്പോലെയാണ്. അങ്ങനെയുള്ളവർക്ക് സന്തോഷത്തോടെയിരിക്കുവാൻ സാധിക്കില്ല. മുഖം തന്നെ മരിച്ചവരെപ്പോലെ ആയിരിക്കും. ബാബയും അതുതന്നെയാണ് പറയുന്നത്, എല്ലാവരും കാമചിതയിലിരുന്ന് വെന്തെരിഞ്ഞ് ശവത്തെപ്പോലെയായിത്തീർന്നിരിക്കുകയാണ്. നിങ്ങൾക്കറിയാം നമ്മൾ മനുഷ്യനിൽ നിന്നും ദേവതയായിത്തീരുകയാണ്. അപ്പോൾ എത്ര സന്തോഷമുണ്ടായിരിക്കണം.അതുകൊണ്ടാണ് ഇങ്ങനെയൊരു മഹിമ - അതീന്ദ്രിയസുഖത്തിന്റെ അനുഭൂതി ഗോപഗോപികമാരോട് ചോദിക്കണം. നിങ്ങൾ സ്വന്തം ഹൃദയത്തോട് ചോദിക്കൂ, എനിക്ക് അതീന്ദ്രിയസുഖത്തിന്റെ അനുഭൂതിയുണ്ടോ? നിങ്ങളുടേത് ഈശ്വരീയ മിഷിനറിയല്ലേ. ഈ മിഷനറി എന്തു ജോലിയാണ് ചെയ്യുന്നത്? ആദ്യം ശൂദ്രനിൽ നിന്നും ബ്രാഹ്മണരാക്കുന്നു പിന്നീട് ബ്രാഹ്മണനിൽ നിന്നും ദേവതയാക്കുന്നു. നമ്മൾ ബ്രാഹ്മണരാണെന്നുള്ള കാര്യം ഒരിക്കലും മറക്കരുത്. മറ്റുള്ള ബ്രാഹ്മണർ സ്വയം തന്നെ സത്യമായ ബ്രാഹ്മണരെന്നു മനസ്സിലാക്കുന്നു. പക്ഷേ അവർ ശരീരവംശാവലികളാണ്. നിങ്ങൾ മുഖവംശാവലികളാണ്. നിങ്ങൾ ബ്രാഹ്മണർക്ക് വളരെയധികം

ലഹരിയുണ്ടായിരിക്കണം. ബ്രഹ്മാഭോജനത്തെക്കുറിച്ചുള്ള മഹിമയുണ്ട്... നിങ്ങൾ ആർക്കെങ്കിലുമൊക്കെ ബ്രഹ്മാഭോജനം കഴിപ്പിക്കുമ്പോൾ അവർ എത്രയാണ് സന്തോഷിക്കുന്നത്. ഞങ്ങൾ പവിത്രമായ ബ്രാഹ്മണരുടെ കൈകൊണ്ട് ഉണ്ടാക്കിയത് കഴിച്ചു! മനസാ വാചാ കർമ്മണാ പവിത്രമായിരിക്കണം. ഒരു അപവിത്രമായ കർമ്മങ്ങളും ചെയ്യരുത്. ഇതിനെല്ലാം തീർച്ചയായും സമയം എടുക്കുകതന്നെ ചെയ്യും. ജനിച്ച ഉടൻ തന്നെ ആർക്കും ആയിത്തീരുവാൻ സാധിക്കില്ല. സെക്കന്റിൽ മുക്തി-ജീവന്മുക്തി എന്നു പറയുന്നുണ്ട്, ബാബയുടെ കുട്ടിയായിത്തീർന്നു എങ്കിൽ സമ്പത്ത് ലഭിക്കും. ഒരു തവണ തിരിച്ചറിഞ്ഞു, പറഞ്ഞു -ഇതാണ് പ്രജാപിതാ ബ്രഹ്മാവ്. ബ്രഹ്മാവിന്റെയും ശിവന്റെയും സന്താനമാണ്. നിശ്ചയമുണ്ടാകുന്നതിലൂടെയാണ് അവകാശിയായിത്തീരുന്നത്. പിന്നീട് എന്തെങ്കിലും മോശമായ കർത്തവ്യം ചെയ്യുന്നു എങ്കിൽ ശിക്ഷകൾ അനുഭവിക്കേണ്ടതായി വരുന്നു. കാശി കൽവട്ടിനെക്കുറിച്ച് മനസ്സിലാക്കിത്തന്നിട്ടുണ്ടല്ലോ. ശിക്ഷകൾ അനുഭവിക്കുന്നതിലൂടെ കർമ്മക്കണക്കുകൾ ഇല്ലാതാകുന്നു. മുക്തി പ്രാപിക്കുന്നതിനായാണ് കിണറിൽ പോയി ചാടുന്നത്. ഇവിടെ അങ്ങനെയുള്ള കാര്യങ്ങളൊന്നും തന്നെയില്ല. ശിവബാബയാണ് കുട്ടികളോട് പറയുന്നത് എന്നെ മാത്രം ഓർമ്മിക്കൂ എന്ന്. എത്രസഹജമാണ്. എന്നാലും മായയുടെ ചക്രത്തിലേക്ക് വരുന്നു. നിങ്ങളുടെ ഈ യുദ്ധമാണ് ഏറ്റവും കൂടുതൽ നീണ്ടു നിൽക്കുന്നത്. ബാഹുബലത്തിന്റെ യുദ്ധം ഇത്രയധികം സമയം ഉണ്ടാകില്ല. നിങ്ങൾ എന്ന് ഇവിടെ വന്നുവോ അപ്പോൾ യുദ്ധവും ആരംഭിച്ചു. പഴയവരുമായി എത്രയാണ് യുദ്ധമുണ്ടാകുന്നത്, പുതിയവരുമായും യുദ്ധം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ആ യുദ്ധത്തിലും പലരും മരിക്കുന്നു, പുതിയ യോദ്ധാക്കൾ വന്ന് ചേരുന്നു. ഇവിടെയും മരണപ്പെടുന്നുണ്ട്, എണ്ണം കൂടുന്നുമുണ്ട്. വൃക്ഷം വലുതാകുക തന്നെ വേണം. ബാബ മധുരമധുരമായ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു-നിങ്ങൾക്ക് ഈ കാര്യം തീർച്ചയായും ഓർമ്മവേണം, ബാബ നമ്മുടെ അച്ഛനുമാണ്, ടീച്ചറുമാണ്, സദ്ഗുരുവുമാണ്. കൃഷ്ണനെ ഒരിക്കലും അച്ഛൻ, ടീച്ചർ, സദ്ഗുരു എന്നു പറയില്ല.

നിങ്ങൾക്ക് എല്ലാവരുടെയും മംഗളം ചെയ്യാനുള്ള താല്പര്യമുണ്ടായിരിക്കണം. മഹാരഥികളായ കുട്ടികളാണ് സേവനത്തിന് തയ്യാറാവുക. അവർക്ക് വളരെയധികം സന്തോഷമുണ്ടായിരിക്കും. എവിടെ നിന്നാണോ ക്ഷണം എത്തുന്നത് അവിടേക്ക് ഓടിപ്പോകുന്നു. പ്രദർശിനിയുടെ സർവ്വീസ് കമ്മിറ്റിയിൽപ്പോലും നല്ലനല്ല കുട്ടികളെയാണ് തിരഞ്ഞെടുക്കുക. അവർക്ക് സർവീസ് ചെയ്തുകൊണ്ടിരിക്കാനുള്ള നിർദ്ദേശം ലഭിക്കുന്നു. സർവ്വീസ് ചെയ്തുകൊണ്ടേയിരിക്കുമ്പോൾ പറയുന്നു, ഇവർ ഈശ്വരീയ മിഷനിലുള്ള നല്ല കുട്ടികളാണ്. കുട്ടികൾ നല്ല രീതിയിൽ സേവനം ചെയ്യുന്നു എങ്കിൽ ബാബയും സന്തോഷിക്കുന്നു. ഞാൻ സർവ്വീസ് ചെയ്യുന്നുണ്ടോ എന്ന് അവനവന്റെ ഹൃദയത്തോട് ചോദിക്കൂ. ഓൺ ഗോഡ്ലി സർവ്വീസ് എന്നല്ലേ പറയുന്നത്. ഗോഡ്ഫാദറിന്റെ സേവനം എന്താണ്? എല്ലാവർക്കും ഈയൊരു സന്ദേശം മാത്രം എത്തിക്കൂ-മന്മനാഭവ. ആദി-മദ്ധ്യ-അന്ത്യത്തിന്റെ ജ്ഞാനം ബുദ്ധിയിലുണ്ട്. നിങ്ങളുടെ പേര് തന്നെ സ്വദർശനചക്രധാരി എന്നാണ്. അതുകൊണ്ട് അതിനെക്കുറിച്ച് ചിന്തിക്കണം. സ്വദർശനചക്രത്തിന്റെ കറക്കം നിന്നുപോകില്ലല്ലോ. നിങ്ങൾ ചൈതന്യ ലൈറ്റ്ഹൗസാണ്. നിങ്ങൾക്ക് ധാരാളം മഹിമയുണ്ട്. പരിധിയില്ലാത്ത അച്ഛന്റെ മഹിമയും നിങ്ങൾക്കറിയാം. ബാബ ജ്ഞാനസാഗരനും പതിതപാവനനുമാണ്. ഗീതയുടെ ഭഗവാനാണ്. ബാബ തന്നെയാണ് ജ്ഞാനയോഗബലത്തിലൂടെ ഈ കാര്യങ്ങൾ ചെയ്യുന്നത്. ഇവിടെ യോഗബലത്തിന്റെ പ്രഭാവം ധാരാളമുണ്ട്. ഭാരതത്തിന്റെ പ്രാചീന രാജയോഗം വളരെയധികം പ്രശസ്തമാണ്. അതാണ് നിങ്ങളിപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്നത്. സന്യാസിമാർ ഹഠയോഗികളാണ്. അവർക്ക് ഒരിക്കലും പതിതരെ പാവനമാക്കുവാൻ സാധിക്കില്ല. ഒരേയൊരു ബാബയിൽ മാത്രമാണ് ജ്ഞാനമുള്ളത്. ജ്ഞാനത്തിലൂടെയാണ് നിങ്ങൾ ജന്മം എടുക്കുന്നത്. ഗീതയെ മാതാവെന്നു പറയാറുണ്ട്, മാതാ-പിതാ എന്നല്ലേ. മനുഷ്യർ മഹിമ പാടുന്നുണ്ടെങ്കിലും മനസ്സിലാക്കിയിട്ടില്ല. ബാബ മനസ്സിലാക്കിത്തരുന്നു-ഇതിന്റെ അർത്ഥം എത്ര ഗുഹ്യമാണ്. ഗോഡ്ഫാദർ എന്നു പറയുന്നു, അപ്പോൾ മാതാപിതാവ് എന്നും പറയുന്നത് എന്തുകൊണ്ടാണ്? സരസ്വതിയുണ്ടെങ്കിലും സത്യമായ മാതാവ് ബ്രഹ്മപുത്രയാണ്. സാഗരന്റെയും ബ്രഹ്മപുത്രയുടെയും സംഗമമാണ് ഏറ്റവുമാദ്യം ഉണ്ടാകുന്നത്. ബാബ ഇദ്ദേഹത്തിലാണ് പ്രവേശിക്കുന്നത്. ഇത് എത്ര സൂക്ഷ്മമായ കാര്യങ്ങളാണ്. വളരെപേരുടെ ബുദ്ധിയിൽ ഇങ്ങനെയുള്ള കാര്യങ്ങളുടെ ചിന്തനം നടക്കുന്നില്ല. തീർത്തും കുറഞ്ഞ ബുദ്ധിയാണ്, കുറഞ്ഞ പദവി നേടുന്നവരാണ്. അങ്ങനെയുള്ളവരോട് ബാബ എന്നിട്ടും പറയുന്നു-സ്വയം ആത്മാവാണെന്നെങ്കിലും മനസ്സിലാക്കൂ. ഇത് സഹജമല്ലേ. നമ്മൾ ആത്മാക്കളുടെ പിതാവാണ് പരമപിതാവായ പരമാത്മാവ്. ബാബ നിങ്ങൾ ആത്മാക്കളോട് പറയുന്നു-എന്നെത്തന്നെ ഓർമ്മിക്കൂ എന്നാൽ വികർമ്മം നശിക്കുന്നു. ഇതാണ് മുഖ്യമായ കാര്യം. ഡൾ ബുദ്ധിയുള്ളവർക്ക് വലിയവലിയ കാര്യങ്ങളൊന്നും തന്നെ മനസ്സിലാവുകയില്ല. അതുകൊണ്ടാണ് ഗീതയിലുള്ളത്-മന്മനാഭവ. എല്ലാവരും എഴുതാറുണ്ട്-ബാബാ, ഓർമ്മയുടെ യാത്ര വളരെയധികം ബുദ്ധിമുട്ടാണ്. ഇടയ്ക്കിടെ മറന്നുപോകുന്നു. ഏതെങ്കിലും പോയിന്റിൽ തോൽക്കുന്നു. മായയുടെയും ഈശ്വരന്റെ കുട്ടികളുടെയും ബോക്സിംഗാണിത്. ഇതിനെക്കുറിച്ച് ആർക്കും തന്നെ

അറിയില്ല. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്–മായയുടെ മേൽ വിജയം പ്രാപ്തമാക്കി കർമ്മാതീത അവസ്ഥയിലേക്ക് പോകണം. ആദ്യമാദ്യം നിങ്ങൾ കർമ്മസംബന്ധത്തിലേക്കാണ് വന്നത്. അതിലേക്ക് വന്ന്വന്ന് നിങ്ങൾ കർമ്മബന്ധനത്തിലകപ്പെട്ടു. ആദ്യമാദ്യം നിങ്ങൾ ആത്മാക്കൾ പവിത്രമായിരുന്നു. സുഖത്തിന്റെയും ദുഃഖത്തിന്റെയും കർമ്മബന്ധനമുണ്ടായിരുന്നില്ല, പിന്നീട് സുഖത്തിന്റെ സംബന്ധത്തിലേക്ക് വന്നു. ഈ കാര്യവും നിങ്ങൾ ഇപ്പോഴാണ് മനസ്സിലാക്കുന്നത്–ആദ്യം നമ്മൾ സുഖത്തിന്റെ സംബന്ധത്തിലായിരുന്നു പിന്നീടാണ് ദുഃഖത്തിലേക്ക് വന്നത്. ഇനി വീണ്ടും തീർച്ചയായും സുഖത്തിലേക്ക് പോവുകതന്നെ ചെയ്യും. എപ്പോഴാണോ പുതിയ ലോകമുണ്ടായിരുന്നത് അപ്പോൾ വിശ്വത്തിന്റെ അധികാരികളായിരുന്നു, പവിത്രമായിരുന്നു, ഇപ്പോൾ പഴയലോകത്തിൽ പതിതമായിത്തീർന്നു. ഇനി വീണ്ടും ദേവതയായിത്തീരും, ഈ കാര്യങ്ങൾ സ്മൃതിയിലുണ്ടായിരിക്കണം.

ബാബ പറയുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ പാപം നശിക്കും നിങ്ങൾ എന്നോടൊപ്പം തിരികെ വീട്ടിലേക്ക് വരും. ശാന്തിധാമം വഴി സുഖധാമത്തിലേക്ക് പോകും. ആദ്യമാദ്യം വീട്ടിലേക്ക് പോകുന്നു, ബാബ പറയുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങൾ പവിത്രമായിത്തീരുന്നു, ഞാൻ പതിതപാവനൻ നിങ്ങളെ വീട്ടിലേക്ക് കൊണ്ടുപോകുന്നതിനായി പവിത്രമാക്കിമാറ്റുന്നു. ഇതുപോലെ നിങ്ങൾ തന്നോടു തന്നെ സംസാരിക്കണം. ഇപ്പോൾ ചക്രം പൂർത്തിയാവുകയാണ്. നമ്മൾ ഇത്രയും ജന്മങ്ങൾ എടുത്തു. ഇപ്പോൾ ബാബ പതിതത്തിൽ നിന്നും പാവനമാക്കുന്നതിനായി വന്നിരിക്കുകയാണ്. യോഗബലത്തിലൂടെയാണ് പാവനമായിത്തീരുന്നത്. ബാബ നമുക്ക് പഠിപ്പിച്ചുതരുന്ന യോഗബലം വളരെയധികം പ്രശസ്തമാണ്. ഇതിൽ ശരീരത്തിന് യാതൊന്നും തന്നെ ചെയ്യേണ്ടതായ ആവശ്യമില്ല. അപ്പോൾ മുഴുവൻ ദിവസവും ഈ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കണം. ഏതാന്തതയിൽ എവിടെപ്പോയി ഇരിക്കുകയാണെങ്കിലും അഥവാ എവിടേക്കെങ്കിലും പോവുകയാണെങ്കിൽ ബുദ്ധിയിൽ ഈ കാര്യങ്ങൾ ചിന്തിച്ചുകൊണ്ടിരിക്കണം. ധാരാളം രീതിയിൽ ഏകാന്തമായിരിക്കുവാൻ സാധിക്കും, മട്ടുപ്പാവിൽ (ടെറസ്) പോയിരിക്കാൻ പേടിക്കേണ്ട കാര്യമില്ലല്ലോ. ആദ്യ കാലഘട്ടങ്ങളിൽ നിങ്ങൾ അതിരാവിലെത്തന്നെ മുരളി കഴിഞ്ഞതിനുശേഷം പർവ്വതങ്ങളിൽ പോയിരിക്കുമായിരുന്നു. ആരാണോ ജ്ഞാനത്തിന്റെ ലഹരിയുള്ള കുട്ടികൾ അവർ പരസ്പരം ജ്ഞാനത്തിന്റെ കാര്യങ്ങൾ മാത്രം ചർച്ച ചെയ്യുന്നു. ജ്ഞാനമില്ലെങ്കിൽ പരചിന്തനം നടന്നുകൊണ്ടിരിക്കുന്നു. ചിത്രപ്രദർശിനികൾ വെക്കുകയാണെങ്കിൽ നിങ്ങൾ എത്ര പേർക്കാണ് വഴി മനസ്സിലാക്കി കൊടുക്കുന്നത്. നമ്മുടെ ധർമ്മം വളരെയധികം സുഖം നൽകുന്നതാണെന്നു മനസ്സിലാക്കുന്നു. മറ്റുള്ള ധർമ്മത്തിലുള്ളവരാണ് എങ്കിൽ അവർക്ക് ഇത്രയും മനസ്സിലാക്കികൊടുക്കൂ–ബാബയെ ഓർമ്മിക്കൂ. ഇവർ മുസ്ലീമാണ്, ഇന്നാളാണ് എന്നൊന്നും തന്നെ ചിന്തിക്കരുത്. ആത്മാവിനെ മാത്രം കാണണം. ആത്മാവിന് മനസ്സിലാക്കികൊടുക്കണം. പ്രദർശിനിയിൽ മനസ്സിലാക്കികൊടുക്കുമ്പോഴും, നമ്മൾ ആത്മീയസഹോദരനാണ് മനസ്സിലാക്കി കൊടുക്കുന്നത് എന്ന അഭ്യാസം ഉണ്ടായിരിക്കണം. ഇപ്പോൾ നമുക്ക് ബാബയിൽ നിന്നുമുള്ള സമ്പത്ത് ലഭിച്ചു കൊണ്ടിരിക്കുകയാണ്. സ്വയം ഞാൻ ആത്മാവാണെന്നു മനസ്സിലാക്കി സഹോദരങ്ങൾക്ക് ജ്ഞാനം നൽകണം–ഇപ്പോൾ നമുക്ക് അച്ഛന്റെ അടുത്തേക്ക് പോകാം, ധാരാളം സമയം അകന്നിരുന്നതാണ്. അവിടെ ശാന്തിധാമമാണ്, ഇവിടെ എത്ര ദുഃഖവും അശാന്തിയുമാണുള്ളത്. ഇപ്പോൾ ബാബ പറയുന്നു സ്വയം തന്നെ ആത്മാവെന്നു മനസ്സിലാക്കുന്നതിനുള്ള അഭ്യാസത്തെ ഉണ്ടാക്കൂ അപ്പോൾ നാമം, രൂപം, ദേഹം ഇവയെല്ലാം തന്നെ മറന്നു പോകുന്നു. എന്തിനാണ് ഇന്നയാൾ മുസ്ലീമാണെന്ന് ചിന്തിക്കുന്നത്? ആത്മാവെന്നു മനസ്സിലാക്കി പറഞ്ഞുകൊടുക്കണം. ഈ ആത്മാവ് നല്ലതാണോ മോശമായതാണോ എന്ന് മനസ്സിലാക്കാൻ സാധിക്കും. ആത്മാവിനെ പ്രതിയാണ് മനസ്സിലാക്കിത്തരുന്നത്–മോശമായതിൽ നിന്നും ദൂരെ മാറിപ്പോകണം. ഇപ്പോൾ നിങ്ങൾ പരിധിയില്ലാത്ത അച്ഛന്റെ മക്കളാണ്. ഇവിടെ പാർട്ട് അഭിനയിച്ചതിനുശേഷം ഇപ്പോൾ തിരികെ വീട്ടിലേക്കു പോകണം, പാവനമായിത്തീരണം. ബാബയെ തീർച്ചയായും ഓർമ്മിക്കേണ്ടതായുണ്ട്. പാവനമാവുകയാണെങ്കിൽ പാവനലോകത്തിലെ അധികാരിയായിത്തീരുന്നു. നാവുകൊണ്ട് പ്രതിജ്ഞ ചെയ്യണം. ബാബയും അതുതന്നെയാണ് പറയുന്നത് പ്രതിജ്ഞ ചെയ്യൂ. ബാബ അതിനുള്ള യുക്തിയും പറഞ്ഞു തരുന്നുണ്ട്, നിങ്ങൾ ആത്മാക്കൾ സഹോദരന്മാരാണ്, പിന്നീട് ശരീരത്തിലേക്ക് വരുമ്പോൾ സഹോദരീ–സഹോദരന്മാരാണ്. സഹോദരങ്ങൾക്ക് ഒരിക്കലും വികാരത്തിലേക്ക് പോകുവാൻ സാധിക്കില്ല. പവിത്രമായിത്തീരുന്നതിലൂടെയും എന്നെ ഓർമ്മിക്കുന്നതിലൂടെയും നിങ്ങൾ വിശ്വത്തിന്റെ അധികാരിയായി മാറുന്നു. മായയോട് തോറ്റാലും വീണ്ടും എഴുന്നേറ്റു നിൽക്കണം. എത്രത്തോളം എഴുന്നേറ്റു നിൽക്കുന്നുവോ അത്രയും പ്രാപ്തിയുണ്ടാകുന്നു. നഷ്ടവും ലാഭവും ഉണ്ടാകുന്നില്ലേ. അരക്കല്പം നിങ്ങൾ ശേഖരിച്ചത് രാവണരാജ്യത്തിൽ നശിച്ചുപോകുന്നു. കണക്കുണ്ടല്ലോ. ശേഖരണത്തിലൂടെ വിജയം, നഷ്ട ത്തിലൂടെ തോൽവി. അപ്പോൾ സ്വയം തന്നെ പൂർണ്ണമായും പരിശോധിക്കണം. ബാബയെ ഓർമ്മിക്കുന്നതിലൂടെ നിങ്ങൾക്ക് സന്തോഷമുണ്ടാകുന്നു. മറ്റുള്ളവർ കേവലം മഹിമയാണ് പാടുന്നത്, ഒന്നും മനസ്സിലാക്കിയിട്ടില്ല. വിവേകമില്ലാതെയാണ് സർവ്വതും ചെയ്യുന്നത്. നിങ്ങൾ ഇവിടെ പൂജയൊന്നും

തന്നെ ചെയ്യുന്നില്ലല്ലോ. ബാക്കി മഹിമ പാടുന്നുണ്ട്. ഒരേയൊരു ബാബയുടെ മഹിമയാണ് അവ്യഭിചാരിയായ മഹിമ. ബാബ വന്ന് സ്വയം തന്റെ കുട്ടികളെ പഠിപ്പിക്കുകയാണ്. നിങ്ങൾക്ക് ചോദ്യം ചോദിക്കേണ്ട ആവശ്യമില്ല. ചക്രത്തെ സ്മൃതിയിൽ വെക്കണം. എങ്ങനെ നമ്മൾ മായയുടെ മേൽ വിജയം പ്രാപിക്കുമെന്ന് മനസ്സിലാക്കണം. ബാബ മനസ്സിലാക്കിത്തരുന്നു തോൽക്കുകയാണെങ്കിൽ നൂറുമടങ്ങ് ശിക്ഷകൾ അനുഭവിക്കേണ്ടതായി വരുന്നു. ബാബ പറയുന്നു-സദ്ഗുരുവിനെ നിന്ദിക്കരുത്. നിന്ദിച്ചു എങ്കിൽ ഒരിക്കലും ഗതിയുണ്ടാവില്ല. ഇത് സത്യനാരായണന്റെ കഥയാണ്, ഇതിനെക്കുറിച്ച് ആർക്കും തന്നെ അറിയില്ല. ഗീതയെയും സത്യനാരായണന്റെ കഥയെയും വേറെയാക്കി. നരനിൽ നിന്നും നാരായണനാകുന്നതിനാണ് ഈ ഗീത.
ബാബ പറയുന്നു ഞാൻ നിങ്ങളെ നരനിൽ നിന്നും നാരായണനാക്കുവാനുള്ള കഥയാണ് കേൾപ്പിക്കുന്നത്. ഇതിനെത്തന്നെയാണ് ഗീതയെന്നും പറയുന്നത്. അമരനാഥന്റെ കഥയെന്നും പറയുന്നു. മൂന്നാമത്തെ നേത്രവും ബാബയാണ് നൽകുന്നത്. നമ്മൾ ദേവതയാകുന്നു എങ്കിൽ തീർച്ചയായും ദൈവീകഗുണങ്ങളുടെ ധാരണയും ഉണ്ടാകണം. ഈ സൃഷ്ടിയിൽ ഏതൊരു വസ്തുവും സദാ കാലത്തേക്ക് നിലനിൽക്കുന്നില്ല. സദാ നിലനിൽക്കുന്നത് ഒരേയൊരു ശിവബാബയാണ്. ബാക്കിയെല്ലാവർക്കും താഴേക്ക് വരുകതന്നെ വേണം. എല്ലാവരെയും തിരികെ കൊണ്ടുപോകുന്നതിനായി ബാബയ്ക്ക് സംഗമത്തിൽ തന്നെ വരണം. പഴയലോകത്തിലെ ആത്മാക്കളെ പുതിയലോകത്തേക്ക് കൊണ്ടുപോകുന്നതിനായി ആരെങ്കിലും ആവശ്യമല്ലേ. അപ്പോൾ ഡ്രാമയ്ക്കുള്ളിൽ ഈ മുഴുവൻ രഹസ്യവുമുണ്ട്. ബാബ വന്ന് പവിത്രമാക്കിമാറ്റുന്നു. ഏതൊരു ദേഹധാരിയെയും ഭഗവാനെന്ന് പറയില്ല. ഈ സമയം ബാബ മനസ്സിലാക്കിത്തരുന്നു- ആത്മാവിന്റെ ചിറക് ഒടിഞ്ഞിരിക്കുകയാണ്, പറക്കാൻ സാധിക്കില്ല. ബാബ വന്ന് ജ്ഞാനയോഗത്തിന്റെ ചിറക് നൽകുകയാണ്. യോഗബലത്തിലൂടെ നിങ്ങളുടെ പാപം ഭസ്മമായിത്തീരുന്നു. പുണ്യാത്മാവായിത്തീരുന്നു. ആദ്യമാദ്യം പ്രയത്നിക്കണം അതുകൊണ്ടാണ് ബാബ പറയുന്നത്, എന്നെമാത്രം ഓർമ്മിക്കണം. ചാർട്ട് വെക്കൂ. ആരുടെ ചാർട്ടാണോ നല്ലതായിരിക്കുന്നത് അവർ എഴുതുന്നു, അവർ സന്തോഷത്തോടെയിരിക്കും. ഇപ്പോൾ എല്ലാവരും പ്രയത്നിക്കുന്നുണ്ട്, ചാർട്ട് എഴുതുന്നില്ലെങ്കിൽ യോഗത്തിന് മൂർച്ചയുണ്ടാവില്ല. ചാർട്ടെഴുതുന്നതിലൂടെ ധാരാളം പ്രയോജനമുണ്ടാകുന്നു. ചാർട്ടിനോടൊപ്പം പോയിന്റുകളും ആവശ്യമാണ്. ചാർട്ടിൽ രണ്ടും എഴുതണം- എത്രത്തോളം സേവനം ചെയ്തു, എത്രത്തോളം ഓർമ്മിച്ചു? അവസാനസമയത്ത് മറ്റൊരു വസ്തുവിനെയും ഓർമ്മ വരാത്തരീതിയിൽ പുരുഷാർത്ഥം ചെയ്യണം. സ്വയം ആത്മാവെന്നു മനസ്സിലാക്കി പുണ്യാത്മാവായിത്തീരണം- ഈ കാര്യത്തിൽ പ്രയത്നിക്കണം. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചുകിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാപിതാവായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഏകാന്തതയിൽ ജ്ഞാനത്തിന്റെ മനനചിന്തനം ചെയ്യണം. ഓർമ്മയുടെ യാത്രയിലിരുന്ന്, മായയുടെമേൽ വിജയം പ്രാപ്തമാക്കി കർമ്മാതീത അവസ്ഥ നേടണം.

2) ആർക്കെങ്കിലും ജ്ഞാനം കേൾപ്പിക്കുന്ന സമയത്ത് ബുദ്ധിയിലുണ്ടായിരിക്കണം, ഞാൻ ആത്മാവാകുന്ന സഹോദരനാണ് ജ്ഞാനം നൽകുന്നത്. നാമം, രൂപം, ദേഹം സർവ്വതും മറക്കണം. പാവനമാകാനുള്ള പ്രതിജ്ഞ ചെയ്ത്, പാവനമായി പാവനലോകത്തിന്റെ അധികാരിയായി മാറണം.

## വരദാനം:- സ്വയത്തെ പ്രതി ഇച്ഛ എന്തെന്ന് പോലും അറിയാത്തവരായി മാറി ബാബക്ക് സമാനം അഖണ്ഡദാനി, പരോപകാരിയായി ഭവിക്കട്ടെ.

ബ്രഹ്മാബാബ സ്വയത്തിന്റെ സമയവും സേവനത്തിനായി കൊടുത്തു, സ്വയം വിനയാന്വിതനായി കുട്ടികൾക്ക് ബഹുമാനം കൊടുത്തു, ജോലിയുടെ പേരിന്റെ പ്രാപ്തിയുടെയും ത്യാഗം ചെയ്തു. പേര്, അഭിമാനം, പ്രശസ്ഥി ഇവ എല്ലാറ്റിലും പരോപകാരിയായി, തന്റേത് ത്യാഗം ചെയ്ത് മറ്റുള്ളവരെ മുന്നിൽ വെച്ചു, സ്വയത്തെ സദാ സേവാധാരിയാക്കി വെച്ചു, കുട്ടികളെ അധികാരിയാക്കി വെച്ചു. സ്വയത്തിന്റെ സുഖം കുട്ടികളുടെ സുഖത്തിലാണെന്ന് മനസ്സിലാക്കി. അപ്രകാരം ബാബക്ക് സമാനം ഇച്ഛ എന്തെന്ന് പോലും അറിയാത്ത, അതായത് മത്ത് പിടിച്ച ഫക്കീറായി മാറി അഖണ്ഡദാനി, പരോപകാരിയാകൂ എങ്കിൽ വിശ്വമംഗളക്കാര്യത്തിൽ തീവ്രഗതി വന്നുചേരും. കേസും കൂട്ടവും സമാപ്തമാകും.

**സ്ലോഗൻ:- ജ്ഞാനത്തിലും ഗുണങ്ങളിലും ധാരണയിലും സിന്ധുവായി മാറൂ, സ്മൃതിയിൽ ബിന്ദുവായി മാറൂ.**

**തന്റെ ശക്തിശാലി മനസ്സിലൂടെ സകാശ് കൊടുക്കുന്നതിന്റെ സേവനം ചെയ്യൂ.**
ഇപ്പോൾ താങ്കൾ കുട്ടികൾ തങ്ങളുടെ ശ്രേഷ്ഠ ശക്തിശാലി സങ്കൽപത്തിലൂടെ സകാശ് കൊടുക്കൂ. നിർബ്ബലർക്ക് ബലം കൊടുക്കൂ. തന്റെ പുരുഷാർത്ഥ സമയം മറ്റുള്ളവർക്ക് സഹയോഗം നൽകുന്നതിൽ ഉപയോഗപ്പെടുത്തൂ. മറ്റുള്ളവർക്ക് സഹയോഗം കൊടുക്കുക എന്നാൽ തൻെറ സമ്പാദ്യം ഉണ്ടാക്കുക. ഇപ്പോൾ അങ്ങനെയുള്ള അലകൾ പരത്തൂ- ആശ്രയം എടുക്കുകയല്ല, ആശ്രയം കൊടുക്കണം. കൊടുക്കുന്നതിൽ എടുക്കുന്നത് അടങ്ങിയിട്ടുണ്ട്.